# Christ Church Vidyapith, Kodukulanji

## Building Renovation - Fund Raising Appeal






**സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ച്, കോടുകുളഞ്ഞി.**
**ക്രൈസ്റ്റ് ചർച്ച് വിദ്യാപീഠ്, കോടുകുളഞ്ഞി.**

(C.B.S.E. Affiliation. No. 931074)

കോടുകുളഞ്ഞി
10-May-2014

ബഹുമാന്യരായ അഭ്യുദയകാംക്ഷികളെ,

സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ചിന്റെ നേതൃത്വത്തിൽ 1999 – ൽ, കോടുകുളഞ്ഞിയിൽ ഒരു നേഴ്സറി ക്ലാസായി പ്രവർത്തനം ആരംഭിച്ചു, വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്നതിനു മുന്നോട്ടു വെച്ച പ്രയാണം ഇന്നു ക്രൈസ്റ്റ് ചർച്ച് വിദ്യാപീഠ് എന്ന പേരിൽ സ്റ്റാൻഡേർഡ് പത്തു വരെ ക്ലാസുകൾ നടത്തുവാൻ C.B.S.E ബോർഡിന്റെ അംഗീകാരം ലഭിച്ച സന്തോഷ വർത്തമാനം എല്ലാവരും അറിഞ്ഞതു ആണല്ലോ. 2013 – 2014 അധ്യായന വർഷം 325 കുട്ടികൾ 7 – ാം സ്റ്റാൻഡേർഡ് വരെ ഉള്ള ക്ലാസുകളിൽ ഉണ്ടായിരുന്നു. 2014 – 2015 അധ്യായന വർഷം മുതൽ 8 – ാം ക്ലാസു കൂടി ആരംഭിച്ചു, തുടർന്നുള്ള വർഷങ്ങളിൽ ഉയർന്ന ക്ലാസുകൾ നടത്തുവാൻ ഈ വിദ്യാലയത്തിന്റെ ഗവർണിംഗ് കൗൺസിൽ ആഗ്രഹിക്കുന്നു. സമീപത്തുള്ള ഇതര C.B.S.E വിദ്യാലയങ്ങളേക്കാൾ എല്ലാ വിധത്തിലും നമ്മുടെ ഈ വിദ്യാലയം പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്നു എന്നു അറിയിക്കുന്നതിൽ അഭിമാനിക്കുന്നു. എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും പോലെ നമ്മുടെ ഈ വിദ്യാലയത്തിന്നും C.B.S.E നിശ്ചയിച്ചിരിക്കുന്ന പ്രകാരമുള്ള ക്രമീകരണങ്ങൾ അത്യാവശ്യമായിട്ടുണ്ടാകേണ്ടിയിരിക്കുന്നു. അപ്രകാരം ഈ വിദ്യാലയത്തിന്റെ മുന്നോട്ടുള്ള നടത്തിപ്പിനു അത്യാവശ്യമായി, ക്ലാസുകൾക്കും ലൈബ്രറിക്കും ലബോറട്ടികൾക്കും ഉള്ള മുറികളും, റ്റോയ്ലറ്റുകൾ യൂറിനലുകൾ, എന്നിവയും ഉണ്ടാകേണ്ടിയിരിക്കുന്നു.

C.B.S.E ബോർഡിന്റെ നിയമങ്ങൾക്കു അനുസൃതമായി, അത്യാവശ്യമായ നിർമ്മാണ പ്രവർത്തനങ്ങൾക്കു, ഒരു പ്രവർത്തന സമതി രൂപീകരിക്കുകയും ആ സമതിയുടെ മേൽനോട്ടത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ തീരുമാനിച്ചിട്ടുള്ളതും ആകുന്നു.

മഹായിടവകയുടെ തീരുമാന പ്രകാരം നിലവിലുള്ള കെട്ടിടങ്ങൾ ഒന്നും തന്നെ പൊളിച്ചു കളയാതെ, അതിനു ആവശ്യമായ പുനരുദ്ധാരണ നിർമ്മാണങ്ങൾ നടത്തി ഉപയുക്തം ആക്കണം എന്നുള്ളതിനാൽ, ഇപ്പോൾ B.J.S.M Complex – ൽ നിലവിലുള്ള കെട്ടിടങ്ങളിൽ പുനരുദ്ധാരണ നിർമ്മാണങ്ങൾ നടത്തി; ഈ വിദ്യാലയത്തിനു മേൽപറഞ്ഞ പ്രകാരം ആവശ്യമായ മുറികളും അനുബന്ധ സൗകര്യങ്ങളും നിർമ്മിക്കുവാൻ കഴിയുമെന്നു വിദഗ്ദ സമതിയുടെ അഭിപ്രായപ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ അനുമതി ലഭിച്ചിട്ടുള്ളതുമാണു്. ആയതിലേക്കു നല്ല ഒരു തുക ആവശ്യമായിരിക്കുന്നു എന്നു ഈ അവസരത്തിൽ അറിയിക്കുവാൻ ആഗ്രഹിക്കുന്നു.

പ്രസ്തുത കെട്ടിടത്തിന്റെ, പണി പൂർത്തികരിച്ചു കഴിയുമ്പോൾ ഉള്ള മാതൃക ഇതോടൊപ്പം സമർപ്പിക്കുന്നു.

സഹൃദയരും വിദ്യാഭ്യാസത്തെ സ്നേഹിക്കുന്നവരും കോടുകുളഞ്ഞിയിൽ പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന ഒരു മാതൃക വിദ്യാഭ്യാസ സ്ഥാപനം ആഗ്രഹിക്കുന്നവരുമായ പ്രിയപ്പെട്ടവർ ഈ ആവശ്യത്തിലേക്കു ഉദാരമായ സംഭാവന നൽകി ഈ പ്രസ്ഥാനത്തെ വിജയിപ്പിക്കണം എന്നു വിനീതമായി അഭ്യർത്ഥിക്കുകയാണു്. കോടുകുളഞ്ഞി സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ച് കമ്മറ്റി ഉൾപ്പെട്ട ക്രൈസ്റ്റ് ചർച്ച് വിദ്യാപീഠ് ബിൽഡിംഗ് കമ്മറ്റി അംഗങ്ങൾ നിങ്ങളെ സമീപിക്കുമ്പോൾ, ഉദാരമായി ഈ സംരംഭത്തിന്നു കൈ അയച്ചു സംഭാവന നൽകി കോടുകുളഞ്ഞിയിൽ നിന്നു പ്രശസ്തരായ തലമുറയെ വാർത്തെടുക്കുവാനുള്ള നമ്മുടെ കൂട്ടായ പരിശ്രമത്തിൽ പങ്കാളികൾ ആകുവാൻ അപേക്ഷിച്ചു കൊണ്ടു, നിങ്ങൾക്കു വേണ്ടി,

വിധേയർ,
ക്രൈസ്റ്റ് ചർച്ച് വിദ്യാപീഠ്, ബിൽഡിംഗ് കമ്മറ്റിക്കു വേണ്ടി,

| | |
|---|---|
| **റവ. സാം റ്റി. മാത്യു** | (മാനേജർ / സി.എസ്.ഐ. ക്രൈസ്റ്റ് ചർച്ചിന്റെ വികാരി) |
| **റവ. ചാണ്ടി ജോസ്** | (ക്രൈസ്റ്റ് ചർച്ച് വിദ്യാപീഠിന്റെ രക്ഷാധികാരി) |
| **എം. വി. ജോർജ്** | പ്രിൻസിപ്പൽ / ബിൽഡിംഗ് കമ്മറ്റിയുടെ ജനറൽ കൺവീനർ) |
| **എ. പി. ചെറിയാൻ** | (ബിൽഡിംഗ് കമ്മറ്റിയുടെ ഫൈനാൻസ് കൺവീനർ) |
| **ജെ. ജോൺസൻ & ജോസഫ് കെ. ജോൺ** | (കൈക്കാരന്മാർ) |
| **കെ. പി. ഫിലിപ്പ്** | (ചർച്ച് സെക്രട്ടറി) |


1) Address for Correspondence:

Principal(General Convener) / Finance Convener / Manager
Christ Church Vidyapith, Kodukulanji.P. O., Taluk – Chengannur,
Dist – Alappuzha, Kerala – 689508.
Tel: +91-479-2367280
Email: ChristChurchVidyapith@yahoo.com; ChristChurchVidyapith@gmail.com
M V George: +91-9446433614, +91-479-2351961
A. P. Cherian : +91-9847604900, +91-479-2369812
Parsonage (Vicar/Manager): +91-479-2369223


2) Mode of Donation:

- Drafts/Checks in Indian Rupees to be drawn in favour of Manager, Christ Church Vidyapith, Kodukulanji and posted/delivered to above mentioned address.
- Drafts/Checks in Foreign Currency to be drawn in favour of The Treasurer, Madhya Kerala Maha Idavaka, Kottayam, with purpose (Kodukulanji,Christ Church Vidyapith, Building Renovation Fund) written on the back side and dispatched(posted/ delivered) to above mentioned address
- Mode of dispatch to be notified by email as mentioned above in address of correspondence.